# 014/2023-M

Maximum : 100 marks

Time : 1 hour and 15 minutes

1. G.20 രാജ്യങ്ങളുടെ ലക്ഷ്യങ്ങളിൽ പെടാത്തത് ഏത്?
   - (A) ആഗോള സാമ്പത്തിക വളർച്ച പുനഃസ്ഥാപിക്കുക
   - (B) രാജ്യാന്തര വ്യാപാരത്തിന്റെ 75% ഉത്പാദനം
   - (C) രാജ്യാന്തര സാമ്പത്തിക വ്യവസ്ഥയെ ശക്തിപ്പെടുത്തുക
   - (D) രാജ്യാന്തര ധനകാര്യസ്ഥാപനങ്ങളുടെ നവീകരണം

2. ഇന്ത്യൻ നാവികനായ അഭിലാഷ് ടോമി സമുദ്രമാർഗ്ഗം ലോകം ചുറ്റി സഞ്ചരിച്ച് മുംബൈയിൽ തിരിച്ചെത്തിയത് എന്ന്?
   - (A) 2012 Nov. 3
   - (B) 2013 Jan. 6
   - (C) 2013 Mar. 31
   - (D) 2012 Mar. 6

3. ‘സമപന്തി ഭോജനം’ സംഘടിപ്പിച്ച സാമൂഹ്യപരിഷ്കർത്താവ് :
   - (A) സഹോദരൻ അയ്യപ്പൻ
   - (B) പണ്ഡിറ്റ് കെ.പി. കറുപ്പൻ
   - (C) ശ്രീനാരായണ ഗുരു
   - (D) വൈകുണ്ഠ സ്വാമികൾ

4. താഴെ പറയുന്നവയിൽ ഉഷ്ണമരുഭൂമിയിലെ ഗോത്രവർഗ്ഗങ്ങൾ ഏതെല്ലാം?
   - (i) കുബു
   - (ii) ബുഷ്മെൻ
   - (iii) ദയാക്
   - (iv) ത്വാറെക്
   - (A) (ii), (iv)
   - (B) (i), (iii)
   - (C) (iii), (iv)
   - (D) (i), (iv)

5. ബചപൻ ബച്ചാവോ ആന്ദോളൻ എന്ന സംഘടനയുമായി ബന്ധപ്പെട്ട വ്യക്തി :
   - (A) അണ്ണാഹസാരെ
   - (B) കൈലാസ് സത്യാർത്ഥി
   - (C) മേധാ പട്കർ
   - (D) അരുണ റോയ്

6. “മീൻ വിറ്റ് പകരം നേടിയ നെൽക്കൂമ്പാരം കൊണ്ട്
   വീടും ഉയർന്ന തോണികളും
   തിരിച്ചറിയാൻ പാടില്ലാതായി”
   ഈ വരികൾ ഉൾക്കൊള്ളുന്ന സംഘകാല കൃതി തിരിച്ചറിയുക :
   - (A) അകനാനൂറ്
   - (B) പുറനാനൂറ്
   - (C) തൊൽക്കാപ്പിയം
   - (D) പത്തുപ്പാട്ട്

7. ഉല്പാദനത്തിന് ഉപയോഗിക്കുന്നതും കാണാനും സ്പർശിക്കാനും കഴിയുന്നതുമായ മനുഷ്യനിർമ്മിത വസ്തുക്കൾ :

(A) മൂലധനം
(B) ഭൂമി
(C) തൊഴിൽ
(D) സംഘാടനം

8. 2022 ഫിഫ വേൾഡ് കപ്പ് ഫുട്ബോളിൽ 'ഗോൾഡൻ ബൂട്ട്' ലഭിച്ച കളിക്കാരൻ ആരാണ്?

(A) ലയണൽ മെസ്സി
(B) ക്രിസ്ത്യാനോ റൊണാൾഡോ
(C) ജൂലിയസ് അൽവാരസ്
(D) കിലിയൻ എംബപെ

9. 2013-ന് ഒടുവിൽ സൗരയൂഥത്തിൽ എത്തിയ വാൽനക്ഷത്രം :

(A) ഐസൺ
(B) കോമറ്റ് ഹാലി ബോപ്പ്
(C) ഹാലീസ് കോമറ്റ്
(D) ഷൂമേക്കർ ലെവി-9

10. മധ്യകാല യൂറോപ്പിൽ സ്പെയിനിൽ നിലനിന്നിരുന്ന സർവ്വകലാശാല ഏതാണ്?

(A) പാവിയ
(B) പാർമ
(C) ടുലോസ്
(D) ഓക്സ്ഫോഡ്

11. ചുവടെ ചേർത്തിട്ടുള്ളവയിൽ ഇന്ത്യയുടെ മാനകരേഖാംശം ഏതാണ്?

(A) $37^\circ.6'$ W
(B) $82^\circ.30'$ E
(C) $100^\circ$ E
(D) $75^\circ.30'$ W

12. ഇന്ത്യയിൽകൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട അക്ഷാംശരേഖ :

(A) $82^\circ.30'$ E
(B) $8^\circ.4'$ N
(C) $37^\circ.6'$ N
(D) $23^\circ.30'$ N

13. ഇന്ത്യയുടെ അക്ഷാംശീയ-രേഖാംശീയ വ്യാപ്തി ഏകദേശം എത്ര കോണീയ അളവാണ്?

(A) $30^\circ$
(B) $10^\circ$
(C) $40^\circ$
(D) $20^\circ$

14. ഹിമാനിയുടെ കനമേറിയ ഒരു നിക്ഷേപണ ഭൂരൂപം :

(A) മാർബിൾ
(B) കരേവ
(C) ഔട്ട്‌വാഷ് സമതലം
(D) ട്രാംലിൻസ്

15. കൃഷിയധിഷ്ഠിത വ്യവസായം :

(A) പഞ്ചസാര വ്യവസായം
(B) രാസ വ്യവസായം
(C) ഐ.ടി. വ്യവസായം
(D) ഇരുമ്പുരുക്ക് വ്യവസായം

16. ഇന്ത്യയിലെ ആദ്യ തുറമുഖാധിഷ്ഠിത ഉരുക്കുശാല സ്ഥാപിതമായ പ്രദേശം :
   (A) മുംബൈ  (B) വിശാഖപട്ടണം
   (C) കൊച്ചി  (D) മംഗലാപുരം

17. ഹിമാചൽപ്രദേശ്-ടിബറ്റ് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം :
   (A) ചങ് ലാ  (B) സോജി ലാ
   (C) നാഥു ലാ  (D) ഷിപ്കി ലാ

18. ഒരു പാരമ്പര്യ ഊർജ്ജ സ്രോതസ്സ് :
   (A) സൗരോർജ്ജം  (B) ജൈവവാതകം
   (C) കൽക്കരി  (D) ഭൗമതാപോർജ്ജം

19. ഇന്ത്യയിൽ ഗ്രാമീണ റോഡുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയായ വസ്തുത ഏതാണ്?
   (i) ഗ്രാമങ്ങളിലെ അഭ്യന്തരസഞ്ചാരം ഉറപ്പാക്കുന്നു.
   (ii) ഈ റോഡുകളുടെ നിർമ്മാണവും പരിപാലനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്.
   (iii) സംസ്ഥാന-തലസ്ഥാനങ്ങളെ ജില്ലാആസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്നു
   (A) (ii), (iii) എന്നിവ മാത്രം
   (B) മുകളിൽ പറഞ്ഞവയെല്ലാം ((i), (ii), (iii))
   (C) (i), (ii) എന്നിവ മാത്രം
   (D) (i), (iii) എന്നിവ മാത്രം

20. ഏതു വർഷമാണ് ഇന്ത്യയിൽ ഉൾനാടൻ ജലഗതാഗത അതോറിറ്റി രൂപം കൊണ്ടത്?
   (A) 1956  (B) 1986
   (C) 1900  (D) 1997

21. സ്ത്രീകളുടെ ഉന്നമനത്തിനായി 'ആര്യ മഹിള സഭ' സ്ഥാപിച്ച സാമൂഹ്യപരിഷ്കർത്താവ് ആരാണ്?
   (A) രമാബായ്  (B) ജ്യോതി ബാഫുലെ
   (C) വിജയലക്ഷ്മി  (D) കാദംബനി ഗാംഗുലി

22. തുണിമിൽ തൊഴിലാളികളുടെ വേതനവർദ്ധനവിനുവേണ്ടി ഗാന്ധിജി നടത്തിയ സത്യാഗ്രഹസമരം ഏത്?
   (A) ചമ്പാരൻ സത്യാഗ്രഹം  (B) അഹമ്മദാബാദ് സത്യാഗ്രഹം
   (C) ബർദോളി സത്യാഗ്രഹം  (D) ഖേഡ സത്യാഗ്രഹം

23. ഗാന്ധിജി 'കൈസർ-എ-ഹിന്ദ്' ബഹുമതി ബ്രിട്ടീഷ് ഗവണ്മെന്റിനെതിരെ നൽകിയത് ഏതു സംഭവത്തിൽ പ്രതിഷേധിച്ചിട്ടാണ്?
   (A) ക്വിറ്റ് ഇന്ത്യ സമരം  (B) ജാലിയൻ വാലാ ബാഗ് കൂട്ടക്കൊല
   (C) റൗലത്ത് നിയമം  (D) ചൗരിചൗര സംഭവം

24. നാഗന്മാരുടെ റാണി എന്നു ജവഹർലാൽ നെഹ്റു വിശേഷിപ്പിച്ചതാരെ?

(A) ഗൈഡിലിയു
(B) പ്രീതിലത വഡോദാർ
(C) മാതംഗിനി ഹസാരെ
(D) കനകലതാബറുവ

25. ചൗരിചൗര സംഭവം നടന്ന വർഷം ഏത്?

(A) 1922
(B) 1920
(C) 1919
(D) 1921

26. 1953 -ൽ രൂപം കൊടുത്ത സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ ചെയർമാൻ ആരായിരുന്നു?

(A) സർദാർ കെ.എം. പണിക്കർ
(B) ഹൃദയനാഥ കുൻസ്രു
(C) ഫസൽ അലി
(D) വല്ലഭായ് പട്ടേൽ

27. ഇന്ത്യൻ താഷ് കോൺഗ്രസ്സിന്റെ അന്തിമ ലക്ഷ്യം 'പൂർണ്ണസ്വരാജ്' ആണെന്നു പ്രഖ്യാപിക്കുന്ന പ്രമേയം പാസ്സാക്കിയ സമ്മേളനം നടന്നത് എവിടെവെച്ചാണ്?

(A) അമരാവതി സമ്മേളനം
(B) അഹമ്മദാബാദ് സമ്മേളനം
(C) നാഗ്പൂർ സമ്മേളനം
(D) ലാഹോർ സമ്മേളനം

28. 1940-ൽ ആരംഭിച്ച വ്യക്തിസത്യാഗ്രഹത്തിനുവേണ്ടി ഗാന്ധിജി ആദ്യം തിരഞ്ഞെടുത്തത് ആരെ?

(A) ജവഹർലാൽ നെഹ്റു
(B) സുഭാഷ് ചന്ദ്രബോസ്
(C) വിനോബഭാവെ
(D) പി. രാമമൂർത്തി

29. ക്വിറ്റ് ഇന്ത്യാ സമര നായിക എന്നറിയപ്പെടുന്ന ധീര വനിത ആരാണ്?

(A) അരുണാ അസഫലി
(B) എ.വി. കുട്ടിമാളു അമ്മ
(C) ക്യാപ്റ്റൻ ലക്ഷ്മി
(D) സരോജിനി നായിഡു

30. 'ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവ് :

(A) സ്വാമി ദയാനന്ദസരസ്വതി
(B) സ്വാമി വിവേകാനന്ദൻ
(C) രാജാറാം മോഹൻ റോയ്
(D) സർ സയ്യദ് അഹമ്മദ്ഖാൻ

31. 1924 ലെ ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളി :

(A) പി.റ്റി. ഉഷ
(B) സി.കെ. ലക്ഷ്മണൻ
(C) ഷൈനി വിൽസൺ
(D) പി.ആർ. ശ്രീജേഷ്

32. കേരളത്തിന്റെ വിസ്തൃതി എത്രയാണ്?

(A) 38,863 ച.കി.മീ.
(B) 38,888 ച.കി.മീ.
(C) 38,560 ച.കി.മീ.
(D) 38,700 ച.കി.മീ.

33. കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ജില്ല ഏതാണ്?

(A) തിരുവനന്തപുരം (B) കൊല്ലം
(C) എറണാകുളം (D) ആലപ്പുഴ

34. കേരളത്തിൽ ഏറ്റവും അധികം വനമേഖലയുള്ള ജില്ല ഏതാണ്?

(A) പത്തനംതിട്ട (B) പാലക്കാട്
(C) ഇടുക്കി (D) തിരുവനന്തപുരം

35. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ടു കായൽ ഏതെല്ലാം ജില്ലകളിൽ വ്യാപിച്ചു കിടക്കുന്നു?

(A) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട
(B) പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ
(C) എറണാകുളം, തൃശ്ശൂർ, കോട്ടയം
(D) ആലപ്പുഴ, കോട്ടയം, എറണാകുളം

36. കേരളത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ ആനമുടിയുടെ ഉയരം എത്ര?

(A) 3000 മീറ്റർ (B) 2695 മീറ്റർ
(C) 2865 മീറ്റർ (D) 2565 മീറ്റർ

37. കേരളത്തിൽ എത്ര പട്ടികജാതി സംവരണ നിയോജകമണ്ഡലങ്ങൾ ഉണ്ട്?

(A) 20 (B) 14
(C) 2 (D) 140

38. കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകൃതമായത് ഏതു വർഷം?

(A) 2002 (B) 2003
(C) 2004 (D) 2005

39. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ കിട്ടുന്ന മൺസൂൺ കാലം കണ്ടെത്തുക :

(A) മാർച്ച് - മെയ് (B) ജൂൺ - സെപ്തംബർ
(C) ഡിസംബർ - ഫെബ്രുവരി (D) ഒക്ടോബർ - നവംബർ

40. കേരള നിയമസഭ കേരള പഞ്ചായത്തീരാജ് നിയമം പാസ്സാക്കിയ വർഷം :

(A) 1992 (B) 1993
(C) 1994 (D) 1995

41. 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവിനെ കണ്ടെത്തുക :

(A) എം.ജി.എസ്സ്. നാരായണൻ (B) ഇളംകുളം കുഞ്ഞൻപിള്ള
(C) ഇ.എം.എസ്സ്. നമ്പൂതിരിപ്പാട് (D) എ. ശ്രീധരമേനോൻ

42. 1921-ലെ അഖില കേരളാടിസ്ഥാനത്തിലുള്ള പ്രഥമ രാഷ്ട്രീയ സമ്മേളനം നടന്നത് എവിടെ വെച്ചാണ്?

(A) ഒറ്റപ്പാലം
(B) ആലുവ
(C) തൃശ്ശൂർ
(D) കോഴിക്കോട്

43. ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പ് 'വെൺനീചഭരണം' എന്ന പ്രയോഗത്തിലൂടെ പ്രകടിപ്പിച്ച സാമൂഹ്യപരിഷ്കർത്താവാര്?

(A) ശ്രീനാരായണ ഗുരു
(B) വൈകുണ്ഠ സ്വാമികൾ
(C) ചട്ടമ്പി സ്വാമികൾ
(D) വാഗ്ഭടാനന്ദൻ

44. 'ഋതുമതി' എന്ന നാടകത്തിന്റെ രചയിതാവാര്?

(A) വി.ടി. ഭട്ടതിരിപ്പാട്
(B) പ്രേംജി
(C) എം.ആർ. ഭട്ടതിരിപ്പാട്
(D) ആര്യപള്ളം

45. തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക് എന്ന ആശയത്തോടുകൂടി ശ്രീമൂലം തിരുനാളിന് സമർപ്പിക്കപ്പെട്ട നിവേദനം ഏതായിരുന്നു?

(A) ഈഴവ മെമ്മോറിയൽ
(B) എതിർ മെമ്മോറിയൽ
(C) നിവർത്തന പ്രസ്ഥാനം
(D) മലയാളി മെമ്മോറിയൽ

46. ഒന്നാം ലോകമഹായുദ്ധകാലത്ത് മാരങ്കുളം എന്ന സ്ഥലത്തുനിന്നും കുളത്തൂർ കുന്നിലേക്ക് ഒരു യുദ്ധവിരുദ്ധ ജാഥ നടത്തിയ സാമൂഹ്യപരിഷ്കർത്താവ് ആര്?

(A) വൈകുണ്ഠ സ്വാമികൾ
(B) വാഗ്ഭടാനന്ദൻ
(C) പണ്ഡിറ്റ് കറുപ്പൻ
(D) കുമാരഗുരുദേവൻ

47. സിവിൽ നിയമലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ ഉപ്പു സത്യാഗ്രഹം നടന്നത് എവിടെവെച്ചാണ്?

(A) പയ്യന്നൂർ
(B) കോഴിക്കോട്
(C) മഞ്ചേരി
(D) വേദാരണ്യം

48. 1904 ൽ അധഃസ്ഥിതർക്കുമാത്രമായി ഒരു വിദ്യാലയം സ്ഥാപിച്ച സാമൂഹ്യപരിഷ്കർത്താവ് :

(A) ശ്രീനാരായണ ഗുരു
(B) വക്കം അബ്ദുൾ ഖാദർ
(C) അയ്യങ്കാളി
(D) ചട്ടമ്പി സ്വാമികൾ

49. കയ്യൂർ സമരം നടന്ന വർഷം :

(A) 1942 ഏപ്രിൽ 11
(B) 1941 മാർച്ച് 28
(C) 1943 മാർച്ച് 15
(D) 1944 ജനുവരി 5

50. കണ്ണൂരിൽ നിന്ന് മദ്രാസിലേക്ക് പട്ടിണി ജാഥ നടത്തിയതാര്?

(A) പി. കൃഷ്ണപിള്ള
(B) ആർ.വി. ശർമ്മ
(C) കെ.ബി. മേനോൻ
(D) എ.കെ. ഗോപാലൻ

51. ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്ന സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) സമ്മേളന സ്വാതന്ത്ര്യം
(B) സ്വത്ത് സമ്പാദിക്കാനുള്ള സ്വാതന്ത്ര്യം
(C) സംഘടനാ സ്വാതന്ത്ര്യം
(D) സഞ്ചാര സ്വാതന്ത്ര്യം

52. ഒരു അന്താരാഷ്ട്രവേദിയിൽ ഇന്ത്യയുടെ ത്രിവർണ്ണപതാക ആദ്യമായി ഉയർത്തിയത് ആര്?

(A) സരോജിനി നായിഡു
(B) ബീഗം ഹസ്രത് മഹൽ
(C) ആനീബസന്റ്
(D) മാഡം ബിക്കാജി കാമ

53. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ ആര്?

(A) സുപ്രീംകോടതിയിൽ നിന്നും വിരമിച്ച ചീഫ് ജസ്റ്റീസ്
(B) പ്രധാനമന്ത്രി
(C) കേന്ദ്ര നിയമവകുപ്പ് മന്ത്രി
(D) ഹൈക്കോടതിയിൽ നിന്നും വിരമിച്ച ചീഫ് ജസ്റ്റീസ്

54. ഇന്ത്യൻ പൗരന്റെ മൗലിക കടമകളുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയല്ലാത്തത് കണ്ടെത്തുക :

(A) പൊതുമുതൽ സംരക്ഷിക്കുക
(B) പരിസ്ഥിതി സംരക്ഷിക്കുക
(C) പൗരാവകാശങ്ങൾ സംരക്ഷിക്കുക
(D) സാംസ്ക്കാരിക പൈതൃകങ്ങൾ സംരക്ഷിക്കുക

55. ഇന്ത്യയിലെ ആദ്യത്തെ മുഖ്യ വിവരാവകാശ കമ്മീഷണർ :

(A) പാലാട്ട് മോഹൻ ദാസ്
(B) ജസ്റ്റീസ് രംഗനാഥമിശ്ര
(C) ടി.എൻ. ശേഷൻ
(D) വജാഹത്ത് ഹബീബുള്ള

56. ഇന്ത്യയുടെ ദേശീയഗീതമായ 'വന്ദേമാതരം' ഏത് കൃതിയിൽ നിന്നും എടുത്തതാണ്?

(A) ആനന്ദമഠം
(B) ദേവി ചൗധുരാനി
(C) ദുർഗേഷ് നന്ദിനി
(D) കപാൽ കുണ്ഡല

57. മൗലിക അവകാശങ്ങളിലെ 'അവസരസമത്വം' ഉൾക്കൊള്ളുന്ന ഇന്ത്യൻ ഭരണഘടനയുടെ വകുപ്പ് ഏത്?

(A) 14-ാം വകുപ്പ്
(B) 15-ാം വകുപ്പ്
(C) 16-ാം വകുപ്പ്
(D) 17-ാം വകുപ്പ്

58. ‘അശോകസ്തംഭം’ ഇന്ത്യയുടെ ദേശീയ ചിഹ്നമായി അംഗീകരിച്ചത് എന്ന്?

(A) 1947 ആഗസ്റ്റ് 15
(B) 1950 ജനുവരി 26
(C) 1949 നവംബർ 26
(D) 1950 ജനുവരി 24

59. ഇന്ത്യയുടെ ദേശീയഗാനമായ ‘ജനഗണമന’ ഏതു ഭാഷയിലാണ് രചിക്കപ്പെട്ടത്?

(A) മറാത്തി
(B) ഗുജറാത്തി
(C) ഹിന്ദി
(D) ബംഗാളി

60. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ നൽകിയിരിക്കുന്നത്. ശരിയായവ കണ്ടെത്തുക :

(i) ന്യായവാദാർഹമല്ല
(ii) അമേരിക്കൻ ഭരണഘടനയിൽ നിന്നും കടം കൊണ്ടതാണ്
(iii) ഭാഗം IV-ൽ ഉൾപ്പെടുത്തിയിരിക്കുന്നു
(iv) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം മൗലികാവകാശമാണ്

(A) (ii), (iv) എന്നിവ ശരിയാണ്
(B) (i), (ii), (iv) എന്നിവ ശരിയാണ്
(C) (i), (iii) എന്നിവ ശരിയാണ്
(D) (ii), (iii), (iv) എന്നിവ ശരിയാണ്

61. മാംസാഹാരികൾക്ക് ആഹാരം കടിച്ചുകീറാൻ സഹായിക്കുന്ന പല്ല് :

(A) ഉളിപ്പല്ല്
(B) കോമ്പല്ല്
(C) ചർവണകം
(D) അഗ്രചർവണകം

62. ശരീരത്തിലെ പ്രധാന വിസർജനാവയവം ഏത്?

(A) ശ്വാസകോശം
(B) വൻകുടൽ
(C) ചെറുകുടൽ
(D) വൃക്ക

63. അസ്കോർബിക് അമ്ലം എന്നറിയപ്പെടുന്ന ജീവകം :

(A) ജീവകം സി
(B) ജീവകം എ
(C) ജീവകം ഇ
(D) ജീവകം കെ

64. കേരളത്തിലെ നഗരങ്ങളിലെ ചേരിയിൽ താമസിക്കുന്നവരുടെ സംരക്ഷണത്തിനായി ആരോഗ്യവകുപ്പ് ആവിഷ്കരിച്ച പദ്ധതി :

(A) ഉഷസ്
(B) ആർദ്രം
(C) ബാലമുകുളം
(D) സ്നേഹപൂർവ്വം

65. തൊണ്ടമുള്ളിന് (ഡിഫ്ത്തീരിയ) കാരണമായ രോഗാണു :

(A) വൈറസ്
(B) ബാക്ടീരിയ
(C) ഫംഗസ്
(D) പ്രോട്ടോസോവ

66. താഴെ തന്നിരിക്കുന്നവയിൽ സങ്കരയിനം പച്ചമുളക് ഏതാണ്?

(A) ഉജ്ജ്വല (B) പവിത്ര
(C) ഭാഗ്യലക്ഷ്മി (D) ഹരിത

67. ചണച്ചെടിയുടെ ഏത് ഭാഗത്ത് നിന്നാണ് ചണനാരുകൾ ലഭിക്കുന്നത്?

(A) ഇല (B) തണ്ട്
(C) വേര് (D) വിത്ത്

68. കേരളത്തിലെ ആദ്യത്തെ റിസർവ്വ് വനമേത്?

(A) കോന്നി (B) ഷോളയാർ
(C) നെല്ലിയാമ്പതി (D) പെരിയാർ

69. ഇന്ത്യൻ പരിസ്ഥിതി ശാസ്ത്രത്തിന്റെ മാതാവ് എന്നറിയപ്പെടുന്നതാര്?

(A) ആൽമിത്ര പട്ടേൽ (B) സുനിത നാരായണൻ
(C) മേധാപട്കർ (D) വന്ദന ശില

70. ഹരിതഗൃഹവാതകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വാതകമേത്?

(A) മീഥേൻ (B) നൈട്രസ് ഓക്സൈഡ്
(C) ക്ലോറോ ഫ്ലൂറോ കാർബൺ (D) കാർബൺഡയോക്സൈഡ്

71. ഐസ് നിർമ്മിക്കുമ്പോൾ വേഗത്തിൽ ഘനീഭവിക്കുന്നതിനും താഴ്ന്ന താപനില ലഭിക്കുന്നതിനും വേണ്ടി ചേർക്കുന്നത് :

(A) മഗ്നീഷ്യം ക്ലോറൈഡ് (B) അമോണിയം ക്ലോറൈഡ്
(C) അമോണിയം ഓക്സലൈറ്റ് (D) കാർബൺ ടെട്രാ ക്ലോറൈഡ്

72. മനുഷ്യശരീരത്തിൽ ആഹാരം ഏതു വാതകവുമായി പ്രവർത്തിച്ചാണ് ഊർജ്ജം ഉണ്ടാകുന്നത്?

(A) ഹൈഡ്രജൻ (B) നൈട്രജൻ
(C) മഗ്നീഷ്യം (D) ഓക്സിജൻ

73. ഒരു പദാർത്ഥത്തിന്റെ എല്ലാ ഗുണങ്ങളും നിലനിർത്തുന്ന അതിന്റെ ഏറ്റവും ചെറിയ കണിക :

(A) തന്മാത്ര (B) ആറ്റം
(C) പ്രോട്ടോൺ (D) ക്വാർക്ക്

74. തെളിഞ്ഞ ചുണ്ണാമ്പു വെള്ളത്തിലേക്ക് കാർബൺഡയോക്സൈഡ് വാതകം കടത്തിവിടുമ്പോൾ ഉണ്ടാകുന്നത് :

(A) കാൽസ്യം ക്ലോറൈഡ് (B) പൊട്ടാഷ്യം കാർബണേറ്റ്
(C) കാൽസ്യം കാർബണേറ്റ് (D) പൊട്ടാഷ്യം ക്ലോറൈഡ്

75. ചുവടെ കൊടുത്തിരിക്കുന്ന മൂലകങ്ങളിൽ ധാന്യകത്തിലും മാംസ്യത്തിലും പൊതുവായി അടങ്ങിയിട്ടുള്ളത് ഏതെല്ലാം?

(i) ഹൈഡ്രജൻ

(ii) കാർബൺ

(A) (i) മാത്രം
(B) (ii) മാത്രം
(C) (i) ഉം (ii) ഉം
(D) രണ്ടുമല്ല

76. പ്രാഥമിക വർണ്ണങ്ങളായ പച്ചയും ചുവപ്പും ചേർന്നാൽ കിട്ടുന്ന നിറമേത്?

(A) സിയാൻ
(B) മഞ്ഞ
(C) മജന്ത
(D) നീല

77. താഴെ തന്നിരിക്കുന്നവയിൽ സമ്പർക്ക ബലം ഏത്?

(A) കാന്തിക ബലം
(B) ഗുരുത്വാകർഷണ ബലം
(C) ഘർഷണ ബലം
(D) സ്ഥിത വൈദ്യുത ബലം

78. സൂര്യനോട് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന ഗ്രഹം :

(A) ബുധൻ
(B) ശനി
(C) ശുക്രൻ
(D) വ്യാഴം

79. മാധ്യമത്തിന്റെ സഹായമില്ലാതെതന്നെ താപം പ്രേഷണം ചെയ്യപ്പെടുന്ന രീതിയാണ് :

(A) ചാലനം
(B) സംവഹനം
(C) വികിരണം
(D) ഇവയൊന്നുമല്ല

80. ———————— വസ്തുവിന്റെ ഭാരം പൂജ്യം ആയിരിക്കും.

(A) സമുദ്രനിരപ്പിൽ
(B) ധ്രുവങ്ങളിൽ
(C) ഭൂമദ്ധ്യരേഖയിൽ
(D) ഭൂമിയുടെ കേന്ദ്രഭാഗത്ത്

81. $10 \div \frac{1}{3} + 60 \times \frac{1}{2}$ എത്ര?

(A) 60
(B) 70
(C) 30
(D) 65

82. 1, 3, 7, 13, 21, .... എന്ന സംഖ്യാശ്രേണിയിലെ അടുത്ത പദം ഏത്?

(A) 50
(B) 35
(C) 31
(D) 41

83. 1 + 2 + 3 + 4 + .... + 100 എത്ര?

(A) 5500
(B) 5050
(C) 5100
(D) 5150

84. $49 \times 9 \div 9 + 3 =$

(A) 81
(B) 55
(C) 52
(D) 40

85. 3125 ൽ 100 ന്റെ സ്ഥാനത്തെ അക്കം ഏതാണ്?

(A) 5
(B) 1
(C) 2
(D) 3

86. 12 ആളുകൾ ചേർന്ന് ഒരു ജോലി 15 ദിവസംകൊണ്ട് തീർക്കും. എന്നാൽ അതേ ജോലി 10 ആളുകൾ എത്ര ദിവസം കൊണ്ട് തീർക്കും?

(A) 18
(B) 20
(C) 25
(D) 27

87. $2^{100}$ ന്റെ പകുതി എത്ര?

(A) $2^{50}$
(B) $2^{99}$
(C) $2^{98}$
(D) $2^{101}$

88. $-5-(-7+2)$ നെ ലഘൂകരിച്ചാൽ കിട്ടുന്നത് :

(A) 0
(B) 10
(C) –10
(D) 14

89. ഒരു ചതുരത്തിന്റെ നീളം 10 സെ.മീറ്ററും വീതി 8 സെ.മീറ്ററും ആയാൽ വിസ്തീർണ്ണം എത്ര?

(A) 80 ച.സെ.മീ.
(B) 40 ച.സെ.മീ.
(C) 100 ച.സെ.മീ.
(D) 50 ച.സെ.മീ.

90. 8.02 ന്റെ പകുതി എത്ര?

(A) 4.1
(B) 4.3
(C) 4.02
(D) 4.01

91. 835.6 – 101.9 + 2.25 – 173.41 കാണുക :

(A) 561.45
(B) 560.51
(C) 651.54
(D) 562.54

92. $0.32 \times 0.01$ എത്ര?

(A) 32
(B) 0.032
(C) 0.32
(D) 0.0032

93. അച്ഛന്റെ വയസ്സ് മകന്റെ വയസ്സിന്റെ മൂന്നിരട്ടിയാണ്. അഞ്ച് വർഷത്തിന് മുമ്പ് അച്ഛന്റെ വയസ്സ് മകന്റെ വയസ്സിന്റെ നാലിരട്ടിയായിരുന്നു. മകന്റെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 15 (B) 18
(C) 20 (D) 25

94. 12, 16, 18 എന്നീ സംഖ്യകളുടെ ല.സാ.ഗു. (L.C.M.) കാണുക :

(A) 24 (B) 144
(C) 18 (D) 96

95. ഒരു ത്രികോണത്തിന്റെ ഒരു വശത്തിന്റെ നീളം 12 സെ.മീറ്ററും അതിന്റെ എതിർ മൂലയിൽ നിന്നു ആ വശത്തേക്കുള്ള ലംബദൂരം 15 സെ.മീറ്ററും ആയാൽ വിസ്തീർണ്ണം എത്ര?

(A) 90 ച.സെ.മീ. (B) 180 ച.സെ.മീ.
(C) 45 ച.സെ.മീ. (D) 70 ച.സെ.മീ.

96. 700 ന്റെ 20% എത്ര?

(A) 150 (B) 140
(C) 1400 (D) 70

97. $A : B = 2 : 3, B : C = 4 : 5$ ആയാൽ $A : B : C$ എത്ര?

(A) 12 : 8 : 15 (B) 8 : 12 : 15
(C) 8 : 15 : 12 (D) 15 : 12 : 8

98. ഒരു സംഖ്യയുടെ 25% വും 35% വും തമ്മിലുള്ള വ്യത്യാസം 250 ആണെങ്കിൽ സംഖ്യ ഏത്?

(A) 2000 (B) 4000
(C) 2500 (D) 4500

99. '÷' നെ '+' എന്നും '–' നെ '÷' എന്നും, '×' നെ '–' എന്നും '+' നെ '×' എന്നും പ്രസ്താവിച്ചാൽ $\frac{(50-5)\div 30\times 4}{4+4\times 4\div 2+12}$ = എത്ര?

(A) 4 (B) 3
(C) 1 (D) 0

100. 169, 225, 287, 361 ഇതിൽ ചേരാത്തത് എടുത്തെഴുതുക :

(A) 225 (B) 287
(C) 361 (D) 169

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**